"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് -ശ്രീ.നിഷാദ്.എം, ജൂനിയർ സൂപ്രണ്ട്, കോഴിക്കോട് റൂറൽ - ന് കോഴിക്കോട് ൗൺ പോലീസ് ക്വാർട്ടേഴ്സ് കോംപ്ളക്സിലെ ക്വാർട്ടർ നം A-29 - ൽ തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2052/2025/HOME    തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:-
1. ശ്രീ.നിഷാദ്.എം , ജൂനിയർ സൂപ്രണ്ട്, കോഴിക്കോട് റൂറൽ -ന്റെ 06.03.2025 ലെ അപേക്ഷ
2. സംസ്ഥാന പോലീസ് മേധാവിയുടെ **03.04.2025** ലെ **H14-67197/2025/PHQ** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.നിഷാദ്.എം, ജൂനിയർ സൂപ്രണ്ട്, കോഴിക്കോട് റൂറൽ- കോഴിക്കോട് ൗൺ പോലീസ് ക്വാർട്ടേഴ്സ് കോംപ്ളക്സിലെ ക്വാർട്ടർ നം A-29- ൽ താമസിച്ച് വരുന്നതായും ടിയാന് പ്രസ്തുത ക്വാർട്ടേഴ്സിലെ താമസം 31.03.2025 വരെ സർക്കാർ ഉത്തരവ് പ്രകാരം ദീർഘിപ്പിച്ച് നൽകിയതായും,കുട്ടികളുടെ വിദ്യാഭ്യാസം പരിഗണിച്ച് ക്വാർട്ടേഴ്സിലെ താമസം 01.04.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് ടിയാൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതായും പ്രസ്തുത യൂണിറ്റിൽ മൂന്ന് ഫാമിലി ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞ് കിടക്കുന്നതായി കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചതായും ആയതിനാൽ ശ്രീ.നിഷാദ്.എം , ജൂനിയർ സൂപ്രണ്ട് , കോഴിക്കോട് റൂറൽ - ന് കോഴിക്കോട് ൗൺ പോലീസ് ക്വാർട്ടേഴ്സ് കോംപ്ളക്സിലെ ക്വാർട്ടർ നം A-29 - ൽ 01.04.2025 മുതൽ 31.03.2026 വരെ ഒരു വർഷം കൂടി തുടർ താമസം അനുവദിക്കാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം (2) പ്രകാരം ടിയാന്റെ അപേക്ഷ സഹിതം ശുപാർശ സമർപ്പിച്ചു.

2 .സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പരാമർശം (1) ലെ അപേക്ഷയുടെയും പരാമർശം (2)ലെ സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ, ശ്രീ.നിഷാദ്.എം , ജൂനിയർ സൂപ്രണ്ട് , കോഴിക്കോട് റൂറൽ - ന് കോഴിക്കോട് ൗൺ പോലീസ് ക്വാർട്ടേഴ്സ് കോംപ്ളക്സിലെ ക്വാർട്ടർ നം A-29 - ൽ 01.04.2025 മുതൽ 31.03.2026 വരെ, ഒരു വർഷം കൂടി, അർഹരമായ മറ്റ് അപേക്ഷകർ വന്നാൽ ക്വാർട്ടേഴ്സ് ഒഴിയണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷമീം മുഹമ്മദ് ബി എം

അണ്ടർ സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി,തിരുവനന്തപുരം.

2.പോലീസ് കമ്മീഷണർ ,കോഴിക്കോട് സിറ്റി
3.ശ്രീ.നിഷാദ്.എം , ജൂനിയർ സൂപ്രണ്ട് , കോഴിക്കോട് റൂറൽ( കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ മുഖേന)
4.കരുതൽ ഫയൽ(HOME-D3/62/2025-HOME)

ഉത്തരവിൻ പ്രകാരം

Signed by
Santhosh Mon T
Date: 20-06-2025 13:01:18

സെക്ഷൻ ഓഫീസർ

പകർപ്പ്,

1.ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,

2.അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്